**പതിമൂന്നാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 197 04.10.2011 -ൽ മറുപടിയ്ക്ക്

# കാവുകളെ സംരക്ഷിക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| എ) | പാരിസ്ഥിതിക-പൈതൃക സംരക്ഷണത്തിന്റെ ഭാഗമായി കാവുകളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | ഉണ്ട്. സംസ്ഥാന ബഡ്ജറ്റിൽ ജൈവ വൈവിദ്ധ്യ പരിപോഷണത്തിന്റെ (ബയോഡൈവേഴ്സിറ്റി കൺസർവേഷന്റെ) ഭാഗമായി കാവുകൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ഇന്റഗ്രേറ്റഡ് ഫോറസ്റ്റ് മാനേജ്മെന്റ് എന്ന സ്കീമിലും കാവു സംരക്ഷണത്തിനുള്ള തുക വകയിരുത്തിയിട്ടുണ്ട്. ടി സ്കീമുകൾ അനുസരിച്ച് സസ്യ-ജന്തു വൈവിധ്യങ്ങൾ തിട്ടപ്പെടുത്തുന്നതിനും കാവുകളെ സംബന്ധിച്ച് വിജ്ഞാന വ്യാപനം നടത്തുന്നതിനും പദ്ധതിയുണ്ട്. കാവുകൾ സംരക്ഷിക്കുന്ന വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ വിദഗ്ധ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് സാമ്പത്തിക സഹായം നൽകുകയെന്നതാണ് സ്കീമിൽ പ്രധാനമായി ഉദ്ദേശിക്കുന്നത്. |
| ബി) | കാവുകളെ സംബന്ധിച്ച സർവ്വേയുടെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ? | ബി) | കാവുകളെ സംബന്ധിച്ച സർവ്വേ വനം വകുപ്പ് നടത്തുന്നില്ല. ഏതാനും കാവുകളിലുള്ള ജന്തു-സസ്യ വൈവിധ്യ വിവരങ്ങൾ ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ ശേഖരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ